പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5389 — 6.7.2012 ൽ മറുപടിക്ക്

**സൗന്ദര്യവർധക ഉൽപന്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന സൗന്ദര്യവർധക ഉൽപന്നങ്ങൾ ഭൂരിഭാഗവും ഗുരുതര പാർശ്വഫലങ്ങൾ ഉളവാക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി)ഇത് നിരീക്ഷിക്കുവാൻ എന്തെല്ലാം സംവിധാനമാണ് വകുപ്പിന് കീഴിൽ നിലവിലുള്ളത്; | (ബി) സൗന്ദര്യ സംവർദ്ധക വസ്തുക്കൾ (Cosmetics) നിർമ്മിക്കുന്നതിന് മുമ്പ് ഓരോ ഉൽപ്പന്നങ്ങളുടെയും Master formula Record, Method of Preparations, process അതിനുപയോഗിക്കുന്ന ചേരുവകൾ എന്നിവയുടെ വിവരങ്ങൾ ഡ്രഗ്സ് ലൈസൻസ് അപ്രൂവിങ് അതോറിറ്റിക്ക് നൽകേണ്ടതുണ്ട്. കൂടാതെ പ്രസ്തുത ഉല്പന്നങ്ങളുടെ സർക്കാർ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാര പരിശോധനാ റിപ്പോർട്ടും നൽകുന്നുണ്ട്. ആയത് പരിശോധിച്ചതിനുശേഷമാണ് കോസ്മെറ്റിക് ലൈസൻസ് നൽശുന്നത്. സംസ്ഥാനത്തുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ '<u>റാൻഡം</u>' സാമ്പിളുകൾ പരിശോധനക്കായി എടുക്കുകയും സർക്കാർ ലബോറട്ടറിയായ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം സെൻട്രൽ ടെസ്റ്റിംഗ് ലബോറട്ടറി, കൊൽക്കത്ത എന്നിവിടങ്ങളിൽ പരിശോധനയ്ക്കായി അയക്കുകയും ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയാൽ നിർമ്മിച്ച് വില്പന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ എടുത്ത് വരുന്നു. |
| (സി)ഇത്തരം ഉൽപന്നങ്ങൾ നിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് എടുക്കാനാഗ്രഹിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി)'ഹെവിമെറ്റൽസ്' പോലുള്ള ഗുരുതരമായ പാർശ്വഫലങ്ങൾ ഉളവാക്കുന്നചേരുവകൾ സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങളുടെ പരിശോധനവേളയിൽ കണ്ടെത്തിയാൽ, പ്രസ്തുത ഉല്പന്നങ്ങൾ നിരോധിക്കുകയും, ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തുന്ന സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാതാവിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ